IT VOL II 19.7.15

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ഇന്ദിര ആവാസ് യോജന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2667 — 10.07.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | ഐ.എ.വൈ (ഇന്ദിര ആവാസ് യോജന) പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഇന്ദിര ആവാസ് യോജന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയായാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാന സർക്കാർ ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗവിഭാഗത്തിന് 2.5 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിഹിതം എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കൾക്കുമുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സർക്കാരിന്റെ വിഹിതം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | അധിക സംസ്ഥാന വിഹിതമായി നൽകേണ്ട തുകയിലുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി ഹഡ്കോയിൽ നിന്നും 650 കോടി രൂപ വായ്പയെടുക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| വിഭാഗം | ഐ.എ.വൈ. വിഹിതം | | തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം | | | അധിക സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | | |
| എസ്.സി. | 52500 | 17500 | 20000 | 32000 | 28000 | 50000 | 200000 |
| ജനറൽ | 52500 | 17500 | 20000 | 32000 | 28000 | 50000 | 200000 |
| എസ്.ടി. | 52500 | 17500 | 32500 | 52000 | 45500 | 50000 | 250000 |